# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4155 26.06.2013-ൽ മറുപടിയ്ക്ക്**

**സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ ഫണ്ടുകൾ വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പട്ടികജാതി-പട്ടിക വർഗ്ഗ സഹകരണ ഫെഡറേഷനിൽ ഫണ്ടുകൾ വകമാറ്റി ചെലവഴിച്ച വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) & (ബി) | സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനിൽ ഫണ്ടുകൾ വകമാറ്റി ചെലവഴിച്ചതായുള്ള പരാതിയിൻമേൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | എങ്കിൽഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; | | |
| (സി) | ഇതു സംബന്ധിച്ച് ബഹു: ഹൈക്കോടതിയിൽ ആരെങ്കിലും ഹർജി നൽകിയിട്ടുണ്ടോ; | (സി) | ആദിവാസി മുന്നേറ്റ സംഘം സെക്രട്ടറി ശ്രീ.എം.എൻ. പുഷ്പൻ 28.4.2010 ന് ഡബ്ല്യൂ.പി.സി/ 28141/2010എസ് പ്രകാരം ബഹു. ഹൈക്കോടതിയിൽ ഫണ്ട് വകമാറ്റി ചെലവഴിച്ചു എന്ന് പരാതി നൽകിയിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ഗവൺമെന്റ് ഈ കാര്യത്തിൽ കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ഡി) | ഇല്ല. |
| (ഇ) | ഇങ്ങനെ ഫണ്ടുകൾ വകമാറ്റി ചെലവഴിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ? | (ഇ) | ഫണ്ടുകൾ വകമാറ്റി ചെലവഴിച്ചെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം അക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

Sd/- KJ

**സെക്ഷൻ ഓഫീസർ**